# മാനന്തവാടി രൂപതയ്ക്ക് പുതിയ വികാരി ജനറാൾ



മാനന്തവാടി രൂപതയുടെ പുതിയ വികാരി ജനറാളായി ദീപ്തിഗിരി പള്ളിവികാരിയും രൂപതാജുഡീഷ്യൽ വികാരിയുമായ റവ.ഫാ. മാത്യു മാടപ്പള്ളിക്കുന്നേലിനെ മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം നിയമിച്ചു. രൂപതാവികാരി ജനറാളായിരുന്ന മോൺ. ജോർജ് മൂലയിൽ ആരോഗ്യപരമായ കാരണങ്ങളാൽ വിരമിക്കുന്ന ഒഴിവിലേയ്ക്കാണ് ബഹ. മാത്യു മാടപ്പള്ളിക്കുന്നേൽ നിയമിതനായത്. മണിമൂളിയിൽ അസി.വികാരിയായും ആറാട്ടുതറ, ഏലപ്പീടിക എന്നിവിടങ്ങളിൽ വികാരിയായും മാനന്തവാടി രൂപത മൈനർ സെമിനാരിയിൽ വൈസ് റെക്ടറായും ജോർദ്ദാനിയ, സെമിനാരി വില്ല എന്നീ എസ്റ്റേറ്റുകളിൽ മാനേജരായും ദ്വാരക പാസ്റ്ററൽ സെന്റർ ഡയറക്ടറായും രൂപതാ കുടുംബപ്രേക്ഷിതത്വത്തിന്റെ ഡയറക്ടറായും അദ്ദേഹം

സേവനമനുഷ്ഠിച്ചിട്ടുണ്ട്. റോമിലെ ഹോളി ക്രോസ് യൂണിവേഴ്സിറ്റിയിൽ നിന്നും കാനൻ നിയമത്തിൽ ഡോക്ടറേറ്റും സഭാ അഡ്മിനിസ്ട്രേഷനിൽ ഡിപ്ലോമയും അച്ചൻ കരസ്ഥമാക്കിയിട്ടുണ്ട്.